# പന്തപ്ലാക്കൽ കുടുംബസമ്മേളനം

## 17-ാം സമ്മേളന റിപ്പോർട്ട്

Date:10-11-2018

## ബാബു കുറ്റിയാടി

ഗബ്രിയേൽ മാലാഖയുടെ വാക്കുകൾ ശ്രവിച്ച മാത്രയിൽ പരിശുദ്ധ കന്യാമറിയം പ്രത്യുത്തരിച്ചു. " ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38) മറിയം മുഴുവനായും ദൈവത്തിന് സമർപ്പിച്ചു. ആ നിമിഷത്തിൽ പരിശുദ്ധാത്മാവ് അവളിൽ വന്നു നിറഞ്ഞു. സ്ത്രീകളിൽ അനുഗ്രഹീതയായ മറിയം ദൈവമാതാവായി. പ്രിയരെ നമുക്കും നമ്മുടെ സമർപ്പണത്തെക്കുറിച്ച് ഒന്നു ചിന്തിക്കാം. നാം എത്രമാത്രം കൊടുക്കുന്നു എന്നല്ല, എങ്ങനെ കൊടുക്കുന്നു എന്നതാണ് ദൈവം പരിഗണിക്കുന്നത്. പിറുപിറുപ്പില്ലാതെ പിശുക്കില്ലാതെ സസന്തോഷം നമുക്കുള്ളത് നാം പങ്കു വയ്ക്കണം. നമുക്കും പരിശുദ്ധ അമ്മ മുഴുവനായും ദൈവത്തിന് സമർപ്പിച്ചതുപോലെ നമ്മേയും നമ്മുടെ പ്രശ്നങ്ങളേയും നമുക്കുള്ളതൊക്കെയും ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ജീവിക്കുവാനുള്ള കൃപയക്കുവേണ്ടി അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കാം. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആഹ്ളാദത്തിന്റെയും ദിനമായ ക്രിസ്തുമസ് കടന്നു പോയി. 2020 നെ വരവേറ്റു. 2020 എല്ലാവർക്കും ദൈവാനുഗ്രഹത്തിന്റെ ദിനങ്ങളായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും പുതുവത്സര മംഗളങ്ങൾ.

## 17-ാം വാർഷിക സമ്മേളനം

കുറ്റ്യാടിപുഴയുടെ തീരത്ത് തെങ്ങിൻ തോപ്പുകളും കവുങ്ങിൻ തോപ്പുകളും നിറഞ്ഞു നിൽക്കന്ന പെരുവണ്ണാമൂഴിയിലുള്ള ശാലോം ടീവിയുടെ സമീപത്തുള്ള പ്രകൃതിരമണീയമായ ചവറുംമുഴി എന്ന ഗ്രാമത്തിൽ ശ്രീ ബാബുസാറിന്റെ ഭവനത്തിൽ 2018 നവംബർ 10-ാം തീയതി ശനിയാഴ്ച പ്രത്യേകം അലങ്കരിച്ച പന്തലിൽ 17-ാം വാർഷിക സമ്മേളനം നടന്നു. ആഹ്ളാദത്തിന്റേയും ആനന്ദത്തിന്റേയും ഒരു ഉത്സവമായിരുന്നു അത്.

കുടുംബയോഗ രക്ഷാധികാരി തോമസച്ചനും തിരുവിതാംകൂറിൽ നിന്നുള്ളവരും 6.30 ന് ബാബുസാറിന്റെ ഭവനത്തിൽ എത്തിച്ചേർന്നു. എല്ലാവരും Fresh ആയി bed coffee യും കുടിച്ച് പള്ളിയിലേക്ക് പോയി. പടത്തുകടവ് ഹോളി ഫാമിലി ചർച്ചിൽ 7.45 ന് ബഹുമാനപ്പെട്ട തോമസച്ചൻ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് മൺമറഞ്ഞ കുടുംബാംഗങ്ങളുടെ അനുസ്മരണാർത്ഥം ഒപ്പീസും നടത്തി. ദിവ്യബലിയിലും ഒപ്പീസിലും എല്ലാവരും പങ്കെടുത്തു. ഉടൻതന്നെ എല്ലാവരും വീട്ടിലെത്തി 8.45 ന് രജിസ്ട്രേഷൻ നടത്തി 9.00 ന് വിഭവ സമൃദ്ധമായ കാപ്പിയും കഴിച്ച് 10 മണിക്കുതന്നെ ഉദ്ഘാടന സമ്മേളനത്തിനായി എല്ലാവരും തയ്യാറായി.

പ്രളയദുരന്തത്തിൽ മരിച്ചവരുടെ ആത്മാക്കൾക്കും ദുരന്തം അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഒരു മിനിറ്റ് നേരം പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

എലൈൻ ഈശ്വര പ്രാർത്ഥന നടത്തി. തുടർന്ന് ബാബുസാർ സ്വാഗതം പറഞ്ഞു. ഏതൊരു ചടങ്ങും വിജയിക്കണമെങ്കിൽ ഈശ്വരാനുഗ്രഹം വേണം. ഈശ്വരാനുഗ്രഹത്തിന് നന്ദി പറഞ്ഞുകൊണ്ട് പ്രസിഡന്റ് ജോസ് സാറിനും രക്ഷാധികാരി തോമസച്ചനും വികാരിയച്ചൻ റവ. ഫാദർ ആന്റണി ചെന്നിക്കരയ്ക്കും സ്വാഗതം ആശംസിച്ചു. ഏതൊരു പ്രസ്ഥാനവും നിലനിൽക്കണമെങ്കിൽ ഒരു ആത്മീയ രക്ഷാധികാരിയുടെ നേതൃത്വം വേണം. തോമസച്ചൻ അത് ഭംഗിയായി നിർവഹിക്കുന്നു.

ഒരു കുടുംബ പ്രാർത്ഥനപോലും മുടക്കാതെ സംബന്ധിക്കുകയും ഇടവകക്കാരുടെ ആത്മീയ കാര്യങ്ങളിൽ ഏറെ ശ്രദ്ധ ചൊലുത്തുകയും ഓരോരുത്തരുമായി വളരെ ആത്മീയ ബന്ധം പുലർത്തുകയും ചെയ്യുന്ന ഒരു നല്ല വ്യക്തിത്വത്തിന് ഉടമയാണ് തങ്ങളുടെ വികാരിയച്ചൻ എന്ന് ബാബു സാർ പറഞ്ഞു. തുടർന്ന് ആശംസകൾ അർപ്പിക്കുന്നവർക്കും തിരുവിതാംകൂറിൽ നിന്നും എത്തിയവർക്കും മലബാറിൽ നിന്ന് എത്തിയവർക്കും ഒറ്റവാക്കിൽ സ്വാഗതം പറഞ്ഞു. ഉരുൾപൊട്ടലും വെള്ളപ്പൊക്കവും നാടിനുണ്ടാക്കിയ ദുരന്തം കാരണം ആർഭാടം അല്പം ഒഴിവാക്കി. കുടുംബയോഗം നടക്കുന്ന വീട്ടുകാരെ എല്ലാ കാര്യങ്ങളും എവിടം വരെയായി എന്ന് ഒന്ന് വിളിച്ചന്വേഷിക്കുന്നത് നല്ലതായിരിക്കും എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് എല്ലാവർക്കും ഒരിക്കൽകൂടി സ്വാഗതം ആശംസിച്ചുകൊണ്ടും നിർത്തി.

ശ്രീ ജോസ് ചേറ്റുതോട് അദ്ധ്യക്ഷപ്രസംഗം നടത്തി. കുറ്റ്യാടിപ്പുഴയുടെ തീരത്ത് പ്രകൃതിരമണീയമായ ചവറുംമുഴി എന്ന ഈ ഗ്രാമത്തിൽ ശ്രീ ബാബുസാറിന്റെ ഭവനത്തിൽ കുടുംബാംഗങ്ങൾ തമ്മിൽ നേരിട്ട് കാണാനും പരസ്പരം പരിചയപ്പെടാനും ഒരിക്കൽകൂടി നമുക്ക് അവസരം ലഭിച്ചിരിക്കുകയാണ്. ഈ കുടുംബയോഗം ഒരു വൻ വിജയമാക്കി തീർക്കണമെങ്കിൽ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി പരമാവധി ആളുകൾ പങ്കെടുക്കണം. ചുരുക്കം ചിലർ ഇതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നതിൽ ഖേദമുണ്ട്. അടുത്തയോഗത്തിലെങ്കിലും പരമാവധി ആളുകളെ പങ്കെടുപ്പിച്ചാൽ ഇത് ഒരു വൻവിജയമാക്കി തീർക്കാൻ സാധിക്കും എന്ന് ഓർമ്മിപ്പിച്ചുകൊണ്ടും എല്ലാവർക്കും ആശംസകൾ നേർന്ന് കൊണ്ടും അവസാനിപ്പിച്ചു.

തുടർന്ന് പടത്തുകടവ് ഹോളിഫാമിലി ചർച്ച് വികാരി ബഹു.ആന്റണി ചെന്നിക്കരയച്ചൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പരസ്പരം അറിയാനും സ്നേഹം പങ്കുവയ്ക്കാനുമുള്ള ഒരു വേദിയാണ് ഇത്തരം യോഗങ്ങൾ. ഇങ്ങനെയുള്ള സംഗമങ്ങളിൽ പങ്കെടുക്കാൻ വലിയ താൽപര്യമുള്ള ആളാണ് അച്ചൻ എന്നു പറഞ്ഞു. അച്ചന്റെ കുടുംബത്തിൽ ഇതുവരെ ഇതുപോലൊരു യോഗം തുടങ്ങുവാൻ സാധിച്ചില്ല എന്ന് പറഞ്ഞു. ഇതിൽ പങ്കെടുത്തപ്പോൾ അച്ചന്റെ കുടുംബത്തിനും ഇതുപോലെ തുടങ്ങുവാൻ പ്രചോദനം കിട്ടി. വാട്ട്സപ്പും, ഫോണും ഒക്കെയുള്ള ഈ കാലഘട്ടത്തിൽ ഇങ്ങനെയുള്ള സംഗമങ്ങൾ എന്തുകൊണ്ടും വളരെ നല്ലതാണ്. ഇനിയുമുള്ള നാളുകളിലും കൂടുതലായി നല്ല രീതിയിൽ കൊണ്ടുപോകാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും എല്ലാ നന്മകളും നേർന്ന് കൊണ്ടും അച്ചൻ അവസാനിപ്പിച്ചു.

മുഖ്യപ്രഭാഷണം രക്ഷാധികാരി തോമസച്ചൻ നിർവഹിച്ചു. വളരെ സന്തോഷത്തോടെയാണ് അച്ചൻ ഇവിടെ നിൽക്കുന്നത് എന്ന് പറഞ്ഞു. രക്ഷാധികാരി എന്ന നിലയിൽ അഭിമാനിക്കുന്നു. അച്ചൻ മാത്രമല്ല കാലാകാലങ്ങളിലുള്ള നേതൃത്വത്തിന്റെയും കൂടി പരിശ്രമം കൊണ്ടാണ് നമ്മുടെ കുടുംബയോഗം വിജയിക്കുന്നത്. 17 കൂട്ടായ്മകളിലും പങ്കെടുക്കാൻ സാധിച്ചതിൽ സന്തോഷിക്കുന്നു. "പന്തപ്ലാക്കൽ" എന്ന പേരിന്റെ പേരിലാണ് നാം ഇവിടെ ഒത്തുകൂടിയിരിക്കുന്നത്. തിരുവിതാംകൂറിലും മലബാറിലും കേരളത്തിന് വെളിയിലും ഇന്ത്യക്ക് വെളിയിൽ പോലും നമ്മുടെ ആളുകൾ വ്യാപിച്ചിരിക്കുന്നു. ദൈവം നമ്മെ ഒത്തിരി അനുഗ്രഹിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. നന്ദിപൂർവ്വം ഈ സമയത്തിന് ഓരോരുത്തരുടെയും പേരിൽ നന്ദി പറയുന്നു.

വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും കേരളത്തിലെ രണ്ട് ജില്ലകളെയൊഴിച്ച് ബാക്കി എല്ലായിടത്തും ബാധിച്ചപ്പോൾ ടിവി, വാട്ട്സാപ്പ്, പത്രം വഴി വാർത്തകൾ അറിയുവാൻ സാധിച്ചു. ഡാമുകൾ എല്ലാം കൂടി ഒന്നിച്ചു തുറന്നുവിട്ടതിൽ ഉത്തരവാദിത്വപ്പെട്ടവർ വളരെ ജാഗ്രത പുലർത്തിയിരുന്നുവെങ്കിൽ ഇത്രവും വിപത്ത് ഒഴിവാക്കാമായിരുന്നു. ദൈവത്തിന്റെ സന്ദേശം നമ്മൾ സ്നേഹിക്കണം പരസ്പരം അംഗീകരിക്കണം, ക്ഷമിക്കണം എന്നതാണ്. നമ്മൾ സഹോദരങ്ങളാണ് എന്ന് നമ്മെ ഓർമ്മിപ്പിച്ചു തരാനുള്ള ഒരവസരം ദൈവം തന്നതാണ്. പുതിയ ചിന്തക്ക് ഓർമ്മയ്ക്ക് ദൈവം അവസരം തന്നു. നമുക്ക് തനിച്ച് ജീവിക്കാൻ സാധിക്കില്ല. മനുഷ്യരിലൂടെയും പ്രകൃതിയിലൂടെയും കാലാകാലങ്ങളിൽ ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടാവുന്നത് ഒരു പാഠമായി കരുതി കുറെക്കൂടി ഔദാര്യമുള്ളവരായി ജീവിക്കാം. നമ്മൾ അനേകം കുടുംബങ്ങൾക്ക് മാതൃകയാണ്. 17 വർഷങ്ങൾക്കുള്ളിൽ അറിയപ്പെടാതിരുന്ന പലകുടുംബങ്ങളും ഇതിന്റെ ഭാഗമായിത്തീർന്നു. കുറെക്കൂടി താൽപര്യം എടുക്കണം. നമ്മുടെ യോഗങ്ങൾ നാൾക്കുനാൾ ഉയരട്ടെ. വളരെ ഔദാര്യമുള്ള നല്ല മനസ്സുള്ളവരാകട്ടെ. കരുണ, വിട്ടുവീഴ്ച, ഔദാര്യം, ക്ഷമ, സ്നേഹം ഇതെല്ലാം സമൂഹത്തിൽ നഷ്ടപ്പെട്ട് പോകുന്നു. ഇതിനൊരു മാറ്റം നമ്മുടെ ഇടയിൽ ഉണ്ടാകട്ടെ. പ്രാർത്ഥനയും ആശംസയും അറിയിച്ചുകൊണ്ട് തോമസച്ചൻ അവസാനിപ്പിച്ചു.

സെക്രട്ടറി തങ്കച്ചൻ റിപ്പോർട്ട് വായിച്ചു.

## ആശംസ

പള്ളിയിലെ തിരുനാളുപോലെ പന്തപ്ലാക്കൽ കുടുംബാംഗങ്ങൾക്ക് ഉത്സവദിനമാണ്. മനുഷ്യൻ വീടുണ്ടാക്കി മതിലുകൾ പണിതു. പരസ്പരം സനേഹവും ബന്ധവുമില്ലാതെയായി ഇതിനൊരു വെല്ലുവിളിയാണ് കുടുംബയോഗങ്ങൾ. പരസ്പരം പരിചയപ്പെടാതെ പോകരുത്. ഫോൺ വിളിക്കണം. കുടുംബ ബന്ധങ്ങൾ ഉറപ്പുള്ളതാക്കണം. ദൈവത്തിങ്കലേയ്ക്കുള്ള ഈ തീർത്ഥയാത്രയിൽ പറയാതെ പ്രവൃത്തിയിലൂടെ ജീവിതത്തിലൂടെ പ്രകടമാക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.

**ആശംസ ഫിലോമിന സിസ്റ്റർ** സിസ്റ്ററിനും പന്തപ്ലാക്കലുമായി ബന്ധമുണ്ട് കൂട്ടായ്മകളാണ് കുടിയേറ്റക്കാർക്കും ബലം. ഒന്നിച്ചു പണികൾ ചെയ്തും ഭക്ഷിച്ചും കഴിഞ്ഞിരുന്ന നമ്മൾ ഉള്ളിലേക്ക് ഒതുങ്ങിക്കൂടിയപ്പോൾ ഈ കൂട്ടായ്മകൾ ഊഷ്മളത പകരുന്നു. അതിനാൽ ഞാനും പങ്കു കൊള്ളുന്നു. വിശ്വാസം, സ്നേഹം, സമാധാനം ഈ മൂന്നും ഒന്നിച്ചു കൂടുന്നത് കുടുംബത്തിലാണ്. തോമസച്ചൻ ഒരു രക്ഷാധികാരി മാത്രമല്ല ഒരു പിതാവും മാതാവും കൂടിയാണ്. ഇത് മുടക്കരുത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കട്ടെ. ധാരാളം ദൈവവിളികൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

## ഹൃദയ സഞ്ചാർ പ്രകാശനം

ചെറിയാൻ മാസ്റ്റർ വികാരിയച്ചന് ഒരു കോപ്പി കൊടുത്തുകൊണ്ട് നിർവ്വഹിച്ചു. 17 വർഷം ഒരു മനുഷ്യന്റെ യുവത്വത്തിന്റെ കാലഘട്ടമാണ്. യുവ ജനങ്ങൾ കൂടുതലും വിദേശത്താണ്. ഈ പരിമിതിക്കുള്ളിൽ ഈ മാസിക തുടരാൻ സാധിച്ച യുവ ജനങ്ങൾക്ക് നന്ദിയും ആശംസയും മാസ്റ്റർ അറിയിച്ചു.

**ആശംസ: ബേബി പന്തപ്ലാക്കൽ:** എത്ര ആനന്ദം കൊള്ളുന്ന ദിനമാണ് ഇന്ന് നവംബർ രണ്ടാം ശനിയുടെ പ്രത്യേകത എന്നു ചോദിച്ചാൽ കൊച്ചു കുട്ടുകൾ പോലും പറയും. നമ്മൾ നമ്മുടെ വ്യക്തിപരമായ ജീവിതത്തെ നോക്കിക്കാണണം. മറ്റുള്ളവരെ വിമർശിക്കുമ്പോൾ നമ്മൾതന്നെ ചെറുതാവുകയാണ്. തകരുകയാണ്. ആരെങ്കിലും മാറി നിൽക്കുന്നെങ്കിൽ അവരെക്കൂടി സഹകരിപ്പിക്കണം. സഹോദരിക്കും സഹോദരനും തെറ്റുപറ്റിയാൽ അവരെ നന്മകൊണ്ട് തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കാമെന്ന് തീരുമാനിക്കാം. ഒരേ ചിന്തയും ഒരേ കാഴ്ചപ്പാടുമേ ആകാവുള്ളൂ. അടുത്ത കുടുംബയോഗം ഇതിനു മാറ്റം വരുന്നതാകട്ടെ എന്ന് ആശംസിക്കുന്നു.

**ആശംസ : ശ്രീമതി എൽസി തോമസ് പശുക്കടവ്: (എക്സിക്യൂട്ടീവ് മെമ്പർ)**

പന്തപ്ലാക്കൽ കുടുംബത്തിലാണെങ്കിലും ആരാ എന്താ എന്ന് പലരേയും അറിയില്ല. ഈ യോഗത്തിലൂടെയാണ് എല്ലാവരേയും മനസ്സിലാക്കേണ്ടത്. ഈ കുടുംബയോഗങ്ങളിലൂടെയാണ് കുടുംബയോഗത്തിന്റെ പ്രാധാന്യം മനസ്സിലായത്. ഒന്നിച്ചു ഭക്ഷിക്കുവാനും പ്രാർത്ഥിക്കുവാനും കളിതമാശകൾ പറയുവാനും കളികളിൽ പങ്കെടുക്കുവാനും സാധിക്കുമ്പോഴാണ് കുടുംബയോഗത്തിന്റെ മാറ്റു കൂടുന്നത്. എല്ലാ മംഗളങ്ങളും ആശംസിച്ചുകൊണ്ട് നിർത്തി.

## നന്ദി: ശ്രീ മാത്തുക്കുട്ടി ജോൺ വീർപ്പാട്.(വൈസ് പ്രസിഡന്റ്)

യോഗത്തിൽ പങ്കെടുത്ത വിശിഷ്ടവ്യക്തികൾക്കും ആശംസകൾ അർപ്പിച്ചവർക്കും എത്തിയവർക്കും എല്ലാം നന്ദി പറഞ്ഞു. ഇനിയും കുടുംബയോഗങ്ങൾ ഉണ്ട് അപ്പോൾ നമ്മുടെ കരുത്ത് തെളിയിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ട് നിർത്തി.

## ക്ലാസ്സ്: പി.ജെ തോമസ് പേരാവൂർ (റിട്ടയർ എച്ച്.എം)

കുടുംബത്തിന്റെ രഹസ്യം ജീവിതാനുഭവങ്ങളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. തനിക്കു ലഭിച്ച, ദൈവം അനുഗ്രഹിച്ച രണ്ടാം ജന്മത്തിനും ഒരോരുത്തരുടേയും പ്രാർത്ഥനയ്ക്കും നന്ദി പറഞ്ഞുകൊണ്ട് ക്ലാസ് ആരംഭിച്ചു.

നാം നമ്മെത്തന്നെ കാണുന്നത് മററുള്ളവരെ കണ്ടുകൊണ്ട് താരതമ്യം ചെയ്താണ്. നാം നമ്മളിലേക്കു തന്നെ തിരിഞ്ഞുനോക്കണം. അപ്പോൾ നമ്മുടെ തെറ്റുകൾ കണ്ട് അത്ഭുതകരമായ മാറ്റങ്ങൾ വരുത്തുവാൻ പറ്റും. മറ്റുള്ളവരുടെ വാക്കുകളെ ബ്ലോക്ക് ചെയ്തു സംസാരിക്കരുത്. നമുക്ക് ഇഷ്ടമില്ലാത്തതു കേൾക്കുമ്പോൾ മൈൻഡ് ചെയ്യാതിരിക്കുക. സ്നേഹമാണ് കുടുംബത്തിന്റെ രഹസ്യം. സ്നേഹമെന്നു പറയുന്നത് അമ്മക്കു കുഞ്ഞിനോടുള്ള വികാരമാണ്. നമ്മുടെ ഇഷ്ടങ്ങളെ സന്തോഷവും സുഖവും എല്ലാം നാം ഇഷ്ടപ്പെടുന്ന വ്യക്തിക്കുവേണ്ടി ത്യജിക്കുന്നതാണ് സ്നേഹം. നാം സ്വാർത്ഥരായതുകൊണ്ടാണ് മറ്റുള്ളവരുടെ സ്നേഹം കാണാൻ പറ്റാത്തത്. നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളുടെ കാരണം നമ്മളിലുള്ള സ്വാർത്ഥതയാണ്. സ്നേഹം കൊടുക്കാനുള്ളതാണ്. പ്രകടിപ്പിക്കാത്ത സ്നേഹം കൊണ്ട് ഒരു കാര്യവുമില്ല. എനിക്കു തെറ്റിപ്പോയി എന്നു ചിന്തിക്കുന്ന ദിവസം അത്ഭുതകരമായ മാറ്റങ്ങൾ സംഭവിക്കും. തിരിച്ചുപറയുകയില്ല എന്നു വിചാരിക്കുന്നവരെ നാം പീഡിപ്പിക്കരുത്. അതിനുള്ള ശിക്ഷ അതികഠിനമായിരിക്കും. അതുകൊണ്ട് എനിക്കു തെറ്റുപറ്റിപ്പോയി എന്നു ചിന്തിക്കണം. ഏതൊരു പ്രശ്നങ്ങൾക്കു പിന്നിലും ഒരു കാരണമുണ്ട്. നമ്മൾ ആ കാരണത്തെക്കുറിച്ച് ചിന്തിക്കണം. പ്രതികരിക്കാൻ പറ്റാത്തവർ അതു പ്രകടിപ്പിക്കും. അതുകൊണ്ട് നമ്മുടെ തെറ്റുകൾ കണ്ടുപിടിക്കണം. തിരുത്തണം. നമ്മുടെ മറ്റൊരു പ്രശനം നന്ദിയുടെ ഒരു മനോഭാവം നമുക്കില്ലാത്തതാണ്. പ്രകൃതി തരുന്ന സന്ദേശം - കോഴി ഒരു പുഴുവിനെ കിട്ടിയാൽ അതു കുഞ്ഞുങ്ങൾക്കും കൊത്തികൊടുക്കും.സംരംക്ഷിക്കും. പിന്നീട് കൊത്തി ഓടിക്കുന്നു. കുഞ്ഞുങ്ങൾ നമ്മുടെ ചുറ്റും കാണണമെന്ന് ശഠിക്കുന്നു. കുഞ്ഞുങ്ങൾ സ്വയം പര്യാപ്തരാകാൻ പറഞ്ഞുവിടണം. കുട്ടികളുടെ തെറ്റുകൾ തിരുത്തേണ്ടത് മാതാപിതാക്കൾ സ്നേഹിക്കുന്നു എന്ന് ഉത്തമബോധ്യം കൊടുത്തിട്ട് അനുസരിപ്പിക്കണം. 3 പ്രാവശ്യം ഒരു കാര്യം പറഞ്ഞിട്ടും അവർ ഗൗനിച്ചില്ല എങ്കിൽ പിന്നെ ആ കാര്യം പറയരുത്.

തിരുത്തുന്നത് രഹസ്യത്തിലായിരിക്കണം. ദേഷ്യം വരുമ്പോൾ തിരുത്തരുത്. ദേഷ്യം പോയിക്കഴിയുമ്പോൾ തിരുത്തണം. തിരുത്തുമ്പോൾ ഭാര്യപോലും അറിയാതെ രഹസ്യത്തിലായിരിക്കണം. ഏവർക്കും പ്രയോജനം ലഭിക്കുന്ന ഒരു ക്ലാസ്സായിരുന്നു സാറിന്റേത് അതിനുശേഷം ഉച്ചഭക്ഷണത്തിനായി തയ്യാറായി. ഉച്ചഭക്ഷണത്തിനുശേഷം കുട്ടികളുടെ കലാപരിപാടികൾ നടന്നു.

**ഗ്രൂപ്പ് ചർച്ച 2.45 ന്** കുടുംബയോഗങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം. 4 ഗ്രൂപ്പായി തിരിഞ്ഞ് ലീഡേഴ്സിനേയും തെരഞ്ഞെടുത്തു. ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ കാര്യങ്ങൾ.

**ഒന്നാംഗ്രൂപ്പ് (1)** കുടുംബയോഗത്തിന് ഒരു വിശുദ്ധ / വിശുദ്ധരോട് മാദ്ധ്യസ്ഥം യാചിച്ചു പ്രാർത്ഥിക്കണം (2) ഒരു കുടുംബം മൊത്തത്തിൽ വന്ന് സ്റ്റേജിൽ പരിചയപ്പെടുത്തുന്നത് നല്ലതാണ് (3) ഫോണിൽ അംഗങ്ങൾ കോൺടാക്റ്റ് ചെയ്യുക (4) സ്ഥിരമായി വരാത്തവരുടെ കാരണങ്ങൾ ചോദിച്ചു മനസ്സിലാക്കി പ്രതിവിധികൾ കണ്ടെത്തുക (5) ഓരോ ഏരിയായിലുള്ള കമ്മിറ്റി അംഗങ്ങൾ കൂടുതൽ ആക്ടീവായി കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുക.

**രണ്ടാംഗ്രൂപ്പ് (1)** ക്ഷണക്കത്തുകൾ എല്ലാ വീട്ടിലും എത്തിക്കണം. കിട്ടിയോ എന്ന് അന്വേഷിക്കണം. (2) കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുക. പ്രാദേശിക അംഗങ്ങൾ സജീവമാക്കുക.

**മൂന്നാംഗ്രൂപ്പ് –** ഫണ്ട് ഉണ്ടാകാനുള്ള പ്രവർത്തനങ്ങൾ, ചിട്ടിപോലുള്ള സംവിധാനങ്ങൾ ഒരുക്കുക. വരുന്നവരുടെ എണ്ണം ഉറപ്പാക്കുക. കുടുംബയോഗം നടക്കുന്ന വീടുകൾക്ക് ആ നാട്ടിൽ നിന്നും പിരിച്ച് 50% ഫണ്ട് നൽകുക

**നാലാംഗ്രൂപ്പ് –** എല്ലാ കുടുംബങ്ങളിലേയും നോട്ടീസ് പോസ്റ്റ് വഴി അയയ്ക്കുക. കിട്ടിയോ എന്ന് വിളിച്ച് അന്വേഷിക്കണം. എക്സിക്യൂട്ടീവ് വിളിക്കുമ്പോൾ മുമ്പ് സജീവമായി പങ്കെടുത്തിരുന്നവരേയും കൂടി പങ്കെടുപ്പിക്കുക. സ്ഥിരമായി വരാത്തവരുടെ കാരണം അന്വേഷിച്ച് കണ്ടെത്തി പരിഹരിക്കുക.

**രക്ഷാധികാരി** – 6 മാസത്തിനുള്ളിൽ കമ്മിറ്റി അംഗങ്ങൾ ചർച്ചചെയ്ത് എല്ലാവരേയും അറിയിക്കുന്നതാണ്. എന്നിട്ട് അടുത്ത കുടുംബയോഗത്തിൽ മാറ്റം വരുത്താൻ പരമാവധി ശ്രമിക്കുന്നതാണെന്ന് അറിയിച്ചു.

## താമരശ്ശേരി പുതിയ ഒരു മേഖലയാക്കി

ജോസ് തോട്ടുമുഖം – 8301850113

ബേബി താമരശ്ശേരി – 9495413499 എന്നിവരെ കമ്മിറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു.

കുടുംബയോഗ ഭാരവാഹികൾ പഴയ ആളുകൾ തന്നെ.

## യൂത്ത് വിംഗ് ഭാരവാഹികൾ

പ്രസിഡന്റ് തോമസ് ടോം വീർപ്പാട്

വൈസ് പ്രസിഡന്റ് കുമാരി അലീന ജോസ് ചേറ്റുതോട്

സെക്രട്ടറി ശ്രീ ആകാശ് ടോം ഫ്രാൻസിസ് പൈസക്കരി

ജോ സെക്രട്ടറി: കുമാരി പ്രിന്റമെറി തോമസ് ആലക്കോട്

ട്രഷറർ : ശ്രീ ഡാർവിൻ മാത്യു വീർപ്പാട്

**ആദരിക്കൽ ചടങ്ങ്** : ടീ ബ്രേക്കിനുശേഷം ആദരിക്കൽ ചടങ്ങ് തുടങ്ങി. ഏറ്റവും പ്രായം കൂടിയ വ്യക്തി പുരുഷൻ / സ്ത്രീ ഏറ്റവും പ്രായമുള്ള വ്യക്തി ദമ്പതികൾ ഏറ്റവും ഒടുവിൽ വിവാഹിതരായ ദമ്പതികൾ ഏറ്റവും ഒടുവിൽ ജനിച്ച കുട്ടി, ഏറ്റവും ദൂരെ നിന്നും വന്ന കുടുംബം, ഏറ്റവും കൂടുതൽ അംഗങ്ങൾ പങ്കെടുത്ത കുടുംബം, ഏതെങ്കിലും മേഖലയിൽ പ്രത്യേകമായി മികവു തെളിയിച്ച വ്യക്തി എന്നിവരെ ആദരിച്ചു.

തുടർന്ന് വടംവലി മത്സരം മലബാർ VS തിരുവിതാംകൂർ നടന്നു. പുരുഷന്മാരുടെയും സ്ത്രീകളുടെയും വിഭാഗത്തിൽ മലബാർ ഒന്നാംസ്ഥാനം നേടി.

സമ്മാനദാനം ശ്രീ. പി.ടി ജോസഫ് പേരാവൂർ നിർവ്വഹിച്ചു. ശ്രീ സെബാസ്റ്റ്യൻ ആലക്കോട് നന്ദി പറഞ്ഞു 5 മണിയോടുകൂടി യോഗം അവസാനിച്ചു.

കഴിഞ്ഞ കുടുംബയോഗത്തിനുഷ ശേഷം നമ്മളിൽ നിന്നും വേർപിരിഞ്ഞുപോയവർ

1. ചെറിയാൻ (അപ്പച്ചൻ) ചെമ്പനോട
2. മാത്യൂ ഓടം തോട്
3. ജോസ് ഫ്രാൻസിസ് മൈലംപെട്ടി
4. സനിൽ ജോസഫ് അണുങ്ങോട്
5. ജോസഫ് മുക്കുളം
6. അന്നമ്മ തോമസ് പൈസക്കരി
7. ഏലിക്കുട്ടി ദേവസ്യ കരിപ്പുകാട്ടിൽ
8. ത്രേസ്യാമ്മ ജോർജ്ജ് ചെങ്ങളം

ഇവർ കഴിഞ്ഞ കുടുംബയോഗത്തിനുശേഷം നമ്മുടെ കുടുംബത്തിൽ നിന്നും വേർപിരിഞ്ഞു പോയവരാണ്. അതാതു നാട്ടിലുള്ള കുടുംബങ്ങൾ ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ശവസംസ്കാരചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. എല്ലാവരുടേയും ആത്മശാന്തിക്കായി ഒരു നിമിഷം പ്രാർത്ഥിക്കാം.

## ഉപസംഹാരം

പന്തപ്ലാക്കൽ കുടുംബയോഗം 18-ാം വാർഷികം ആഘോഷിക്കുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളിൽ താങ്ങും തണലുമായി നിന്ന് പിതൃവാത്സല്യത്തോടെ നമ്മെ സ്നേഹിക്കുകയും നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നമ്മുടെ രക്ഷാധികാരി റവ.ഫാദർ തോമസ് പന്തപ്ലാക്കൽ സി.എം.ഐ നമ്മുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായ സഹകരണങ്ങൾ നൽകുന്ന മുൻ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർ എന്നിവരോടുള്ള ഹൃദയംഗമമായ നന്ദി അർപ്പിക്കുന്നു.

കുടുംബം നമുക്കെല്ലാവർക്കും എന്നും ഊഷ്മളവും വിശുദ്ധവുമായ ഓർമ്മയാണ്. വാത്സല്യ കൂടാരവും ഭൂമിയിലെ ആകാശമോക്ഷവുമായ കുടുംബം മനുഷ്യകുലത്തിന് ദൈവം പകർന്നു നൽകിയ ഏററവും മഹത്തായ സുവിശേഷമാണ്. കുടുംബയോഗങ്ങൾ നാൾക്കുനാൾ വൻവിജയമായി ഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് എല്ലാവരുടെയും അംഗീകാരത്തിനും ചർച്ചക്കുമായി ഏറെ സന്തോഷത്തോടും അഭിമാനത്തോടും കൂടി 2018-2019 വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നു.

**ആദരാഞ്ജലി**

വളരെ ഹൃദയവേദനയോടെയാണ് നമ്മൾ ഈ യോഗത്തിൽ പങ്കെടുക്കുന്നത്. ഈ 7-ാം തീയതി ബീഹാറിലുണ്ടായ ഒരു വാഹനാപകടത്തെതുടർന്ന് ഓടംതോട് തങ്കച്ചൻ ചേട്ടന്റെ മകൻ ടീൽജോ 22 വയസസ് നിര്യാതനായി. ഈ 9-ാം തീയതിയായിരുന്നു സംസ്കാരം. ഈ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം. കുട്ടിയായിരിക്കുമ്പോൾ തുടങ്ങി പല കുടംബയോഗങ്ങളിലും കുടുംബാംഗങ്ങളോടൊപ്പം പങ്കെടുത്തിട്ടുള്ള ആളാണ്.

എന്ന്

പന്തപ്ലാക്കൽ കുടുംബയോഗ സെക്രട്ടറി

തങ്കച്ചൻ കട്ടിക്കൽ